# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 11

# വാർത്താക്കുറിപ്പ്

## അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ - കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല - സെന്റർ ഫോർ ഓൺലൈൻ എഡ്യുക്കേഷനിൽ ഈഴവ വിഭാഗത്തിനായി സംവരണം ചെയ്തിരിക്കുന്ന ഒരൊഴിവിലേയ്ക്ക് അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിൽ താത്കാലിക കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. നിയമനകാലാവധി പ്രാരംഭത്തിൽ ഒരു വർഷവും പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷം വരെ ദീർഘിപ്പിക്കാവുന്നതുമാണ്. കുറഞ്ഞത് 55 ശതമാനം മാർക്കോടെയുള്ള എം.കോം ബിരുദവും എൻ.ഇ.റ്റി. / പി.എച്ച്.ഡി യോഗ്യതയും ഉള്ളവരായിരിക്കണം അപേക്ഷകർ. ഓൺലൈൻ ടീച്ചിങ്, കണ്ടെന്റ് ക്രിയേഷൻ, ലേണിങ് മാനേജ്മെന്റ് സിസ്റ്റം, ഐ.സി.റ്റി. എനേബിൾഡ് ടീച്ചിങ് ആന്റ് ലേണിങ് എന്നീ മേഖലകളിൽ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. പ്രതിമാസം 47000 രൂപ സഞ്ചിത നിരക്കിൽ വേതനം ലഭിക്കും. പ്രായപരിധി 2022 ജനുവരി ഒന്നിന് 45 വയസ് കവിയരുത്. താത്പര്യമുള്ളവർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ coe@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കണം. അപേക്ഷയ്ക്കൊപ്പം പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി., പി.ജി. - കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, ഡിഗ്രി സർട്ടിഫിക്കറ്റുകൾ, ജാതി സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയം, അധിക യോഗ്യതയുണ്ടെങ്കിൽ അവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോറത്തിനും www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/162/2022)

## പ്രാക്ടിക്കൽ / വൈവാ വോസി

2021 മാർച്ചിൽ നടന്ന ഒന്ന് മുതൽ നാല് വരെ സെമസ്റ്റർ ബി.സി.എ. (അദാലത്ത്-സ്പെഷ്യൽ മേഴ്സി ചാൻസ് 2018, മറ്റ് യു.ജി. കോഴ്സുകൾ) പരീക്ഷയുടെ പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ പരീക്ഷകൾ മാർച്ച് മൂന്നിന് എസ്.എ.എസ്. എസ്.എൻ.ഡി.പി. യോഗം കോളേജിൽ നടക്കും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/163/2022)

## പരീക്ഷാ ഫലം

2021 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നടന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് 'സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. - എൽ.എൽ.ബി. (ഓണേഴ്സ്) (2016, 2017 അഡ്മിഷൻ, 2016 ന് മുൻപുള്ള അഡ്മിഷനുകൾ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ഫെബ്രുവരി 25 വരെ പരീക്ഷാകൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

2020 നവംബറിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ. മലയാളം, എം.എ. അറബിക് (റെഗുലർ / സപ്ലിമെന്ററി / അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ് - 2018) പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2015 അഡ്മിഷൻ മുതലുള്ളവർക്ക് പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ഫെബ്രുവരി 26 വരെ ഓൺലൈനായി അപേക്ഷിക്കാം. 2015 അഡ്മിഷന് മുൻപുള്ളവർ നിശ്ചിത ഫീസടച്ച് അപേക്ഷ ഫെബ്രുവരി 26 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കണം

(പി.ആർ.ഒ./39/165/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ